(സി) ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ ജോലിയിൽ പ്രവേശിച്ച ആരൊക്കെയാണ് വീണ്ടും പിരിച്ചു വിടാൻ ഉത്തരവ് പുറപ്പെടുവിച്ചതെന്ന് വ്യക്തമാക്കുമോ ;

(ഡി) പത്തു വർഷത്തിലധികമായി ജോലി ചെയ്തുവരുന്ന ഈ വിധത്തിലുള്ള പമ്പ് ഹൗസ് ജീവനക്കാരെ സ്ഥിരപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പമ്പ് ഹൗസുകളിൽ ജല അതോറിറ്റി കരാർ അടിസ്ഥാനത്തിൽ തൊഴിലാളികളെ നിയമിച്ചിട്ടില്ല.

(ബി) ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതി കേരള വാട്ടർ അതോറിറ്റിക്ക് എതിരെ ഇങ്ങനെ ഒരു ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

(സി) ബാധകമല്ല.

(ഡി) വാട്ടർ അതോറിറ്റിയിൽ കോൺട്രാക്ടർ മുഖേന ജോലി ചെയ്യുന്നവരെ സ്ഥിരപ്പെടുത്താൻ നിർവാഹമില്ല.

വാട്ടർ അതോറിറ്റിയിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഒഴിവുകൾ

133 (5023) ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള വാട്ടർ അതോറിറ്റിയിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ; ഉണ്ടെങ്കിൽ എത്രയെന്നും, ആയത് നികത്തുന്നതിന് എന്തുനടപടിയാണ് സ്വീകരിക്കുന്നതെന്നും വ്യക്തമാക്കുമോ ?

ഉത്തരം

കേരള വാട്ടർ അതോറിറ്റിയിൽ പ്രൊമോഷൻവഴി നികത്താനുള്ള 18 ഒഴിവുകൾ ഉൾപ്പെടെ 30 ഒഴിവുകളാണ് നിലവിലുള്ളത്. ഇതിൽ 12 ഒഴിവുകൾ ശൂന്യവേതന അവധി ഒഴിവുകളും ഉപരിപഠനത്തിനുപോയ ഉദ്യോഗസ്ഥരുടെ ഒഴിവുകളുമാണ്. പ്രൊമോഷൻവഴി നികത്താനുള്ള ഒഴിവുകൾ നികത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

വെള്ളപ്പൊക്ക നിയന്ത്രണത്തിനായി ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ

134 (5024) ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളപ്പൊക്ക നിയന്ത്രണത്തിനായി ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശം നൽകുകമോ ;

LIBRARY ARCHIVES Kerala Legislative Assembly